# 'ക്രിസാലിസ്' ഫെസ്റ്റ്; എസ്.എച്ച്. കോളേജ് ജേതാക്കൾ



'ക്രിസാലിസ്' ഫെസ്റ്റിൽ ജേതാക്കളായ തേവര എസ്.എച്ച്. കോളേജ് ടീം

**കാക്കനാട് ▶** തൃക്കാക്കര ഭാരതമാതാ കോളേജ് ഇംഗ്ലീഷ് വിഭാഗം സംഘടിപ്പിച്ച ഇന്റർകോളേജ് ലിറ്റററി കൾച്ചറൽ ഫെസ്റ്റിവലിൽ 'ക്രിസാലിസ്' തേവര എസ്.എച്ച്. കോളേജ് ഓവറോൾ ജേതാക്കളായി.

സെയ്ന്റ് ആൽബർട്സ് കോളേജാണ് രണ്ടാംസ്ഥാനത്ത്. വിജയികൾക്ക് ഭാരതമാതാ കോളേജ് മാനേജർ ഫാ. ഡോ. എബ്രഹാം ഒലിയപ്പുറവും പ്രിൻസിപ്പൽ ഡോ. കെ.എം. ജോൺസനും ചേർന്ന് എവർറോളിങ് ട്രോഫി സമ്മാനിച്ചു. ഇംഗ്ലീഷ് വിഭാഗം മുൻ മേധാവി ഡോ. ലാലി മാത്യു, വൈസ് പ്രിൻസിപ്പൽമാരായ ലിസി കാച്ചപ്പിള്ളി, ബിനി റാണി ജോൺ തുടങ്ങിയവർ പങ്കെടുത്തു.